പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1971 — 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി യിലെ സ്ഥലം മാറ്റം

ചോദ്യം — ഉത്തരം

ശ്രീ. എം.ഉമ്മർ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ സ്ഥലമാറ്റത്തിന്റെ കാര്യത്തിൽ യൂണിയൻ ഭാരവാഹികൾക്ക് പ്രൊട്ടക്ഷൻ നൽകുന്ന രീതി നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ യൂണിയനുകളിലെ ഭാരവാഹികൾക്കാണ് പ്രൊട്ടക്ഷന് അർഹതയുള്ളത്; | (ബി) | കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത തൊഴിലാളി സംഘടനകളായ കെ.എസ്.ആർ.ടി. എംപ്ലോയീസ് അസ്സോസിയേഷൻ, ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ എന്നീ സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്കും, ഭാരവാഹികൾക്കുമാണ് പ്രൊട്ടക്ഷന് അർഹതയുള്ളത്. |
| (സി) | ഒരു യൂണിയനിലെ എത്രപേർക്കാണ് അത്തരം പ്രൊട്ടക്ഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്ക് യൂണിറ്റ്, ചീഫ് ഓഫീസ്, വർക്ക്ഷോപ്പ്, 15 ഷെഡ്യൂളുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്ന ഓപ്പറേറ്റിംഗ് സെന്ററുകൾ ഇവയിൽ ഓരോന്നിലും ഒരു ജീവനക്കാരൻ എന്ന കണക്കിലും, പ്രസ്തുത യൂണിനുകളുടെ ഹെഡ് ഓഫീസ് തലത്തിൽ നിർദ്ദേശിക്കുന്ന പരമാവധി അഞ്ച് (5) ജീവനക്കാർക്കും സ്ഥലമാറ്റത്തിന്റെ കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | പ്രൊട്ടക്ഷൻ നൽകുന്ന രീതിയിലാണ് നിലവിലുള്ളത്. |
| (ഡി) | അർഹതയില്ലാത്ത ജീവനക്കാർ പ്രൊട്ടക്ഷൻ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അനർഹരായവരെ അടിയന്തിരമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അർഹതയില്ലാത്ത ഒരു ജീവനക്കാരനും പ്രൊട്ടക്ഷൻ അനുഭവിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ